Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

2893/എച്ച്/2015/കെ.എസ്.എച്ച്.ഒ. ..07..2018

## സർക്കുലർ

വിഷയം: - കുടുംബശ്രീ - ഓണം പച്ചക്കറി വിപണനമേള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന : കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.07.2018 ലെ 7249/ജെ/18/കെ.എസ്.എച്ച്.ഒ നമ്പർ ഉത്തരവ്

കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും സൂക്ഷ്മസംരംഭങ്ങൾക്കും ഇടനിലക്കാരെ ഒഴിവാക്കി മികച്ച വരുമാനം ലഭ്യമാക്കുന്നതിനായി കുടുംബശ്രീ മുഖേന 450 നാട്ടുചന്തകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഓണത്തിന്റെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രസ്തുത നാട്ടുചന്തകൾ വഴി ആഗസ്റ്റ് 1 മുതൽ ആഗസ്റ്റ് 24 വരെ ഓണ ചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓണച്ചന്തകളിലൂടെ പരമാവധി ഉല്പന്നങ്ങൾ എത്തിയ്ക്കുകയും അതിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച വരുമാനം ലഭ്യമാക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

- മഹിളാ കിസാൻ സശാക്തീകരൺ പദ്ധതിയുടെ ഭാഗമായിട്ടാണ് ഓണത്തിനു മുന്നോടിയായി ചന്തകൾ ആസൂത്രണം ചെയ്തിരിക്കുന്നത്.
- നിലവിൽ ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചുവരുന്ന നാട്ടുചന്തകളിലാണ് ഓണചന്തകൾ നടത്തേണ്ടത്
- ആഗസ്റ്റ് ആദ്യവാരം മുതൽ 24 വരെ ഓണച്ചന്തകൾ സംഘടിപ്പിക്കേണ്ടതാണ്.
- നിലവിൽ അടിസ്ഥാന സൗകര്യം നൽകിയിട്ടുള്ള 450 നാട്ടുചന്തകളിലും ഓണത്തോടനുബന്ധിച്ച് കൃത്യമായി ഓണചന്തകൾ സംഘടിപ്പിക്കേണ്ടതാണ്.
- ചന്തകളുടെ നടത്തിപ്പ് ചുമതല അതാത് ബ്ലോക്കിലെ ജീവ ടീമിനായിരിക്കും
- ചന്തകളുടെ സംഘാടനം സിഡിഎസ്സ്, ജീവ, ബ്ലോക്ക് കോ-ഓർഡിനേറ്റർ എന്നിവർക്കായിരിക്കും
- ചന്തകളിൽ ഓരോ ദിവസവും കുറഞ്ഞത് 500 കി. ഗ്രാം പച്ചക്കറി വിപണനം നടത്തേണ്ടതാണ്.

TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715 (0) F. 0471 255 4717
info@kudumbashree.org www.kudumbashree.org

- ജെ.എൽ.ജി.കളിൽ നിന്നും പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്തേണ്ട ചുമതല സിഡിഎസ്സിനായിരിക്കും.
- മികച്ച ഓണച്ചന്ത ആസൂത്രണം ചെയ്യുന്ന സി.ഡി.എസ്സുകൾക്ക് ജില്ലാ തലത്തിൽ അംഗീകാരം നൽകേണ്ടതാണ്.

**മുന്നൊരുക്കങ്ങൾ**

ജില്ലാതലത്തിൽ സി.ഡി.എസ്., ജീവ ടീം എന്നിവരുടെ യോഗം വിളിച്ച് ഈ വർഷത്തെ ഓണച്ചന്തകളെക്കുറിച്ച് അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ യോഗം ചേരേണ്ടതും ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും വേണം.

**സിഡിഎസ് യോഗങ്ങൾ**

ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ജെ.എൽ.ജി., മാസ്റ്റർ കർഷകർ, സിഡിഎസ് എന്നിവരുടെ യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചന്തകൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ ഉറപ്പു വരുത്തുകയും വേണം.

ചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്ന സിഡിഎസ്സുകളുടെ വിവരം പഞ്ചായത്തിൽ അറിയിക്കേണ്ടതും പൂർണ്ണ പിന്തുണ നേടേണ്ടതുമാണ്.

**ഓണചന്ത (എം.കെ.എസ്.പി.)**

**സി.ഡി.എസ്. ചുമതലകൾ**

1. സിഡിഎസ് പരിധിയിൽ നടത്തുന്ന ചന്തകളുടെ നടത്തിപ്പ് ഉത്തരവാദിത്വം സിഡിഎസ്സിനായിരിക്കും
2. ചന്തകളുടെ നടത്തിപ്പിലേയ്ക്കായി സ്പോൺസർഷിപ്പ് മുഖേന തുക കണ്ടെത്താവുന്നതാണ്.
3. ജെഎൽജി യുടെ ഉൽപന്നങ്ങൾ ചന്തകളിലേക്ക് എത്തുന്നുണ്ടെന്ന് സിഡിഎസ് കൃത്യമായി ഉറപ്പു വരുത്തേണ്ടതാണ്.
4. എം.കെ.എസ്.പി. ഓണചന്തകൾക്കായി പ്രത്യേക രജിസ്റ്റർ സിഡിഎസ് സൂക്ഷിക്കണം.
5. ഉല്പന്നങ്ങൾ എത്തിക്കുന്ന ജെഎൽജി കളുടെ വിവരങ്ങൾ (കൊണ്ടുവരുന്ന ഉൽപന്നം, തൂക്കം എന്നിവ) കൃത്യമായി എഴുതി സൂക്ഷിക്കണം
6. ഓണചന്തകളിലേക്ക് ഉൽപന്നം എത്തിക്കുന്ന ജെ.എൽ.ജി.കൾക്ക് സിഡിഎസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.
7. ടി സർട്ടിഫിക്കറ്റ് ഉള്ള ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മുഖാന്തിരം നൽകുന്ന ആനുകൂല്യങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കും.

8. ഓണചന്തക്കു വേണ്ട പ്രചരണം സിഡിഎസ് ആണ് നടത്തേണ്ടത്.

9. മൊത്തം ലാഭത്തിന്റെ 10% സി.ഡി.എസ്സി ന് എടുക്കാവുന്നതാണ്.

**എം.കെ.എസ്.പി. ഓണചന്ത- ബ്ലോക്ക് ലൈവൽ കോ-ഓർഡിനേറ്റർക്കുള്ള ചുമതലകൾ**

- എം.കെ.എസ്.പി. ഓണചന്തയുമായി ബന്ധപ്പെട്ട് പഞ്ചായത്ത്/സിഡിഎസ്സ്/ ബ്ലോക്ക് തല മീറ്റിംഗുകൾ സംഘടിപ്പിക്കുക.
- ഓണചന്ത പ്ലാൻ തയ്യാറാക്കുക. ചന്ത നടത്തുന്നതിനുള്ള തീയതികൾ, സ്ഥലം, സിഡിഎസ്സ് തല ടാർഗറ്റ്, ജീവയ്ക്ക് ചുമതല നൽകൽ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി പ്ലാൻ തയ്യാറാക്കുക
- മാസ്റ്റർ ഫാർമർ/കർഷക മീറ്റിംഗുകൾ മോണിറ്റർ ചെയ്യുക
- പ്ലാൻ അനുസരിച്ചുള്ള ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുക
- ചന്തകൾ നടക്കുന്നത് കൃത്യമായി മോണിറ്റർ ചെയ്യുക. ചന്തകളിൽ എത്തിക്കുന്ന ഉല്പന്നങ്ങൾ, അളവ്, പങ്കാളിത്തം, വിറ്റുവരവ് എന്നിവ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക
- പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക
- മികച്ച ചന്തകൾ, ഉല്പാദകർ തുടങ്ങിയവ കണ്ടെത്തുക
- കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ടുകളും മറ്റ് ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും
- നാട്ടുചന്ത വെബ്സൈറ്റ് അപ്ഡേഷൻ ചെയ്യുക.
- ഓരോ ദിവസത്തെയും വില്പന കൃത്യമായി നാട്ടുചന്ത വെബ്സൈറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

**ഓണചന്ത - ജിവാ ടീമിന്റെ ഉത്തരവാദിത്വങ്ങൾ**

- സി.ഡി.എസ്. തല ജെ.എൽ.ജി. കളുടെ മീറ്റിംഗ് വിളിച്ച് ഓണചന്തയിൽ എത്തേണ്ട ഉല്പന്നങ്ങളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കണം
- ബ്ലോക്കിൽ അനുവദിക്കപ്പെട്ട ചന്തകൾ മുൻകൂറായി സന്ദർശിക്കുകയും സാധ്യത ഉറപ്പുവരുത്തേണ്ടതുമാണ്.
- സിഡിഎസ്സിൽ നിന്ന് ഓരോ ചന്തയിലേയ്ക്കും എത്തുന്ന സാധനങ്ങളുടെ വിതരണ വിവരം കൃത്യമായി ജീവ ടീം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- ഓരോ പഞ്ചായത്തിലെയും ജെ.എൽ.ജി. സാധനങ്ങൾ നേരിട്ടുപോയി ശേഖരിക്കേണ്ടതും ഓരോ ഉല്പന്നത്തിന്റെയും മാർക്കറ്റ് വില ജീവ ടീം ജെ.എൽ.ജി.കൾക്ക് നൽകേണ്ടതാണ്.

- ജീവ ടീമിന് റിവോൾവിംഗ് ഫണ്ടായി പരമാവധി 25000/- രൂപ വരെ അനുവദിക്കുന്നതാണ്. ടി തുക എല്ലാ ചന്തകളുടെയും വിജയകരമായ സംഘാടനത്തിന് ശേഷം ജീവ ടീം തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനുള്ള തുക എം.കെ.എസ്.പി. ഫണ്ടിലെ റിവോൾവിംഗ് ഫണ്ട് - 3.1 റിവോൾവിംഗ് ഫണ്ട് ഫോർ കളക്ടീവ്സ് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.
- ബ്ലോക്കുകളിലെ ചന്തകൾ വ്യത്യസ്തമായ ദിവസങ്ങളിലായി നടത്തേണ്ടതും എല്ലാ ചന്തകളിലും അതാതു ബ്ലോക്കിലുള്ള ജീവ അംഗങ്ങൾ മുഴുവൻ സമയവും ഉണ്ടായിരിക്കേണ്ടതുമാണ്.

**ജീവ ഹോണറേറിയം**

1. ചന്തകൾ നടത്തിയ ജീവ ടീമിന് ഒരാൾക്ക് ഒരു ചന്തയ്ക്ക് 400/- രൂപ വീതം ഹോണറേറിയം നൽകാവുന്നതാണ്. ആയതിനുള്ള തുക എം.കെ.എസ്.പി. ഫണ്ടിലെ ഹോണറേറിയം ടു മാസ്റ്റർ ഫാർമർ എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്
2. ചന്ത നടത്തിയ ദിവസത്തെ ജീവയുടെ ഹാജർ അതാത് സിഡിഎസ്സിന്റെ മോലൊപ്പോടുകൂടി ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്.
3. ഹാജർ പരിശോധിച്ച ശേഷം മാത്രമേ ഹോണറേറിയം നൽകാൻ പാടുള്ളൂ.
4. ജീവയ്ക്ക് നൽകിയ റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് ജില്ലാമിഷൻ ഉറപ്പു വരുത്തേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | ചുമതല |
|---|---|---|
| 1. | സിഡിഎസ്/ ജീവ മീറ്റിംഗ് | ജില്ലാമിഷൻ |
| 2. | സിഡിഎസ്/ജെ.എൽ.ജി/എം.എഫ്/ ജീവ/ബ്ലോക്ക് തല മീറ്റിംഗ് | ബ്ലോക്ക് കോർഡിനേറ്റർ |
| 3. | ഓണചന്തയ്ക്കുള്ള ഉല്പന്നങ്ങളുടെ വിവരം ശേഖരിക്കുകയും സംസ്ഥാനമിഷനിൽ സമർപ്പിക്കുകയും | ജില്ല പ്രോഗ്രാം മാനേജർ/(ഇൻചാർജ്ജ്) |
| 4. | ചന്തയുടെ വിശദവിവരങ്ങൾ (സ്ഥലം, ജെഎൽജികളുടെ എണ്ണം, | ജില്ല പ്രോഗ്രാം മാനേജർ/(ഇൻചാർജ്ജ്) |

| | | |
|---|---|---|
| | തീയതികൾ മുതലായവ) സംസ്ഥാനമിഷനിൽ സമർപ്പിക്കുക | |
| 5. | ചന്തകളുടെ ഉദ്ഘാടനം മറ്റ് അറിയിപ്പുകൾ എന്നിവ സംസ്ഥാനമിഷനിൽ സമർപ്പിക്കുക | ജില്ല പ്രോഗ്രാം മാനേജർ/(ഇൻചാർജ്ജ്) |

സൂചന ഉത്തരവ് പ്രകാരം കുടുംബശ്രീ മാർക്കറ്റിംഗ് വിഭാഗത്തിന്റെ ഭാഗമായി സി.ഡി.എസുകളിൽ 941 ചന്തകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ നാട്ടുചന്തകൾ നടന്നുവരുന്ന സി.ഡി.എസുകളിൽ മേൽ സൂചനപ്രകാരമുള്ള ചന്തകളും നാട്ടുചന്ത കളും സംയോജിതമായി സംഘടിപ്പിച്ചാൽ മതിയാകും.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

**പകർപ്പ്**
1. വെബ്സൈറ്റ്
2. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (അഗ്രി)